പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5397 23.05.2017-ലെ മറുപടിക്ക്

## മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ

| ചോദ്യം<br>ശ്രീ. പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | സിവിൽ സ്ട്രക്ച്ചറൽ ജോലികൾ പൂർത്തീകരിച്ചു വരുന്നു. |
| (ബി) | നിലവിലുള്ള പണി പൂർത്തീകരിച്ച് ബസ് ടെർമിനൽ എന്നത്തേക്ക് തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | സിവിൽ ജോലികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ മാത്രമെ ഇലക്ട്രിക്കൽ, ഫയർ, STP തുടങ്ങിയ പ്രവൃത്തികളുടെ ടെൻഡർ നടപടികളിലേയ്ക്ക് കടക്കുവാൻ സാധിക്കുകയുള്ളൂ. ആയത് കൂടി പൂർത്തീകരിച്ച് 2018 മാർച്ചോടു കൂടി ബസ് ടെർമിനൽ തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പുതിയ ടെർമിനൽ യാഥാർത്ഥ്യമായാൽ ലഭ്യമാകുന്ന സൗകര്യങ്ങൾ വിശദീകരിക്കാമോ; | (സി) | യാത്രക്കാർക്ക് മെച്ചപ്പെട്ട വിശ്രമസൗകര്യം, മികച്ച രീതിയിലുള്ള ശൗചാലയം, റസ്റ്റ് റൂം, വെയിലും മഴയും ഏൽക്കാതെ ബസ് കയറുവാനും ഇറങ്ങുവാനുമുള്ള സൗകര്യം, ആധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിലവിൽ വരുന്നതോടെ യാത്രക്കാർക്കും മറ്റും മെച്ചപ്പെട്ട ഷോപ്പിംഗ് അനുഭവം എന്നിവ പ്രദാനം ചെയ്യുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. |
| (ഡി) | രണ്ടാം ഘട്ടത്തിൽ കൂടുതൽ പദ്ധതികൾ ബസ് ടെർമിനലിനോടനുബന്ധിച്ച് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | ഒന്നാം ഘട്ടം പൂർത്തീകരിച്ച് വിജയകരമായാൽ മാത്രമേ രണ്ടാം ഘട്ടത്തെക്കുറിച്ച് പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ. |

**സെക്ഷൻ ഓഫീസർ**